ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) :

(എ) ആർ. ടി. ഒ. ഓഫീസുകളിൽ നിന്ന് നൽകുന്ന എല്ലാ പ്രധാന രേഖകളിലും ഹോളോഗ്രാം പതിച്ചു നൽകുന്നുണ്ട്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, പെർമിറ്റുകൾ, ടാക്സ് ടോക്കൺ തുടങ്ങിയ രേഖകൾ വ്യാജമായി ഉണ്ടാക്കുന്നത് തടയുന്നതും നികുതി വെട്ടിപ്പ് തടയുന്നതുമാണ് ഇത് കൊണ്ടുള്ള പ്രയോജനങ്ങൾ.

(ബി) രണ്ട് ലക്ഷം ഹോളോഗ്രാം വേണ്ടി വരും.

(സി) വിവിധ ഫീസ് ഈടാക്കുന്ന രേഖകൾക്കെല്ലാം ഒരേ രീതിയിലുള്ള ഹോളോഗ്രാമാണ് പതിച്ചു നൽകുന്നത്.

(ഡി) വ്യാജരേഖകളുടെ നിർമ്മാണം തടയുക എന്നതാണ് ഹോളോഗ്രാം പതിക്കുന്നതിന്റെ ഉദ്ദേശ്യം.

(ഇ) എല്ലാ ഓഫീസുകളിലും ഹോളോഗ്രാം വിതരണം ചെയ്തിട്ടുണ്ടെങ്കിലും ചില ഓഫീസുകളിൽ സ്റ്റോക്കിന്റെ പരിമിതി കാരണം വിതരണം തടസ്സപ്പെട്ടിട്ടുണ്ട്. ഹോളോഗ്രാം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൃഷിക്-ഗ്രാമിക്-സാമാജിക് സുരക്ഷാ യോജന

*17 [484] ശ്രീ. കെ. മോഹൻകുമാർ :
,, പി. ടി. തോമസ് :
,, കെ. സി. ജോസഫ് :
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'കൃഷിക്-ഗ്രാമിക്-സാമാജിക് സുരക്ഷാ യോജന' എന്ന കേന്ദ്ര പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര തൊഴിലാളികൾ ചേർന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഈ പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുവാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബുദിവാകരൻ) :

(എ) കേന്ദ്ര തൊഴിൽ മന്ത്രാലയം 2001-ൽ രൂപം നൽകിയ ഈ പദ്ധതി കേരളത്തിൽ പാലക്കാട് ജില്ലയിൽ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷനാണ് നടപ്പിലാക്കിയിരുന്നത്.

(ബി) 11120 തൊഴിലാളികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഫണ്ടിന്റെ അഭാവം കാരണം ഈ പദ്ധതി 2004 ഫെബ്രുവരി മാസം മുതൽ നിർത്തലാക്കിയതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly